പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6273 31.10.2011-ൽ മറുപടിക്ക്

## പ്ലാസ്റ്റിക് നിരോധനവും മാലിന്യനിർമ്മാർജ്ജനവും

**ചോദ്യം**

ശ്രീ. എം.എ.ബേബി :

എ) പ്ലാസ്റ്റിക് കവറുകളുടെ നിർമ്മാണവും വ്യാപാര സ്ഥാപനങ്ങൾ വഴിയുള്ള ഇവയുടെ വിതരണവും നിരോധിക്കുവാൻ നടപടി സ്വീകരിക്കുമോ ;

**ഉത്തരം**

ഡോ.എം.കെ.മുനീർ

(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി)

എ) പ്ലാസ്റ്റിക് ഉൽപന്നങ്ങളും മറ്റ് ജൈവ സംസ്കരണം അസാദ്ധ്യമായ വസ്തുക്കളും ഉൽപാദിപ്പിച്ച് വിപണനം നടത്തുന്ന സ്ഥാപനങ്ങൾ അല്ലെങ്കിൽ അവയുടെ നിർമ്മാതാക്കൾ ഇവയുടെ ഉപയോഗശേഷം ഉപഭോക്താക്കൾ തിരികെ നൽകുമ്പോൾ സ്വീകരിച്ച് ജനങ്ങൾക്ക് ദോഷകരമല്ലാത്ത വിധം സംസ്കരിക്കുന്നതിനോ റീസൈക്കിൾ ചെയ്യുന്നതിനോ ഉള്ള ഉത്തരവാദിത്വം ഉൾപ്പെടുത്തി കേന്ദ്ര പരിസ്ഥിതി വനമന്ത്രാലയം 2011 ഫെബ്രുവരി 4ന് പ്ലാസ്റ്റിക് മാലിന്യ (പരിപാലന/കൈ കാര്യ) ചട്ടങ്ങൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഈ ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്ന നിയന്ത്രണങ്ങൾ ഉണ്ട്.

1. 40 മൈക്രോണിന് താഴെ കട്ടിയുള്ള പ്ലാസ്റ്റിക് സഞ്ചികൾ വ്യാപകമായി നിരോധിച്ചിട്ടുണ്ട്.
2. പാൻ പരാഗ്, പുകയില, പാക്ക് തുടങ്ങിയ പ്ലാസ്റ്റിക് കവറുകൾ പാക്ക് ചെയ്യുന്നത് നിരോധിച്ചിട്ടുണ്ട്.
3. പാഴ് പ്ലാസ്റ്റിക് സഞ്ചികൾ ഉൽപാദകരുടെ സഹകരണത്തോടെ ശേഖരണ കേന്ദ്രങ്ങൾ സ്ഥാപിക്കണമെന്നും പുനഃചംക്രമണത്തിന് നൽകുന്ന സംവിധാനം നിലവിൽ വരുത്തണമെന്നും മുഖ

| | | | |
|---|---|---|---|
| | | | ളിൽപ്പറഞ്ഞ ചട്ടങ്ങൾ വിവരിക്കുന്നുണ്ട്.<br>ഇത് കുടാതെ സംസ്ഥാനത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്ത് കുടുതൽ നിയന്ത്രണങ്ങൾ കൊണ്ടുവരുന്ന കാര്യം സംസ്ഥാന സർക്കാരിന്റെ പരിഗണനയിലാണ്. |
| ബി) | പകരമായി തുണി, ചണം, പേപ്പർ ക്യാരി ബാഗുകളും അനുബന്ധ ഉല്പന്നങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനായി പ്രസ്തുത ഉല്പന്നങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കുമോ; | ബി) | ഇപ്പോൾ പരിഗണനയിലില്ല. |
| സി) | വഴിയരുകിൽ മാലിന്യ നിക്ഷേപം തടയുന്നതിന് ആവശ്യമായ നിയമ നിർമ്മാണവും അതിനോടനുബന്ധിച്ചുള്ള നടപടികളും നടപ്പാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ; | സി) | ഇക്കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| ഡി) | പഞ്ചായത്തുകളിലെ കോഴിക്കടകൾ, ഇറച്ചിവെട്ടുകേന്ദ്രങ്ങൾ, ചന്തകൾ, ഹോട്ടലുകൾ തുടങ്ങിയവയ്ക്കു മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ കർശനമാക്കി നിയമം കൊണ്ടുവരുമോ; | ഡി) | വീടുകൾ, വ്യാപാര സ്ഥാപനങ്ങൾ ഹോസ്പിറ്റലുകൾ കല്യാണ മണ്ഡപങ്ങൾ, അറവുശാലകൾ, ചിക്കൻസ്റ്റാളുകൾ, ചന്ത മുതലായവയ്ക്ക് കേരള ബിൽഡേഴ്സ് റുൾ പ്രകാരമുള്ള സെപ്റ്റിക് ടാങ്ക്, സോക് പിറ്റ് സംവിധാനം സ്ഥാപിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ആയതിൽ നിന്നും പുറത്തേക്ക് ഒഴുകുന്ന മലിനജലം ഓടകളിലേയ്ക്കും ജലാശയങ്ങളിലേയ്ക്കും തുറന്നുവിടുന്നത് സർവ്വ സാധാരണമാണ് ആയത് നിയന്ത്രിക്കുന്നതിനുള്ള നിയമം സർക്കാരിന്റെ പരിഗണനയിലാണ്.<br>കൂടാതെ ഇത്തരത്തിലുള്ളവയിൽ ഉണ്ടാകുന്ന ഖരമാലിന്യങ്ങൾ സംസ്കരിക്കാനുള്ള ചുമതല അവരിൽ നിയമം മൂലം വ്യവസ്ഥ ചെയ്യാനും ആയത് നിർവ്വഹിക്കാത്ത പക്ഷം ശിക്ഷ ഏർപ്പെടുത്തുന്നതിനും ഉൾപ്പെടെയുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ് |

ഈ) രാത്രികാലങ്ങളിൽ പ്രവർത്തിക്കുന്ന താൽക്കാലിക തട്ടുകടകൾ, മറ്റു കച്ചവടങ്ങൾ തുടങ്ങിയവയ്ക്കായി പൊതുവായ മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ സ്ഥാപിക്കുമോ?

ഈ) രാത്രികാലങ്ങളിൽ പ്രവർത്തിക്കുന്ന താല്ക്കാലിക തട്ടുകടകൾ മറ്റ് കച്ചവട സ്ഥാപനങ്ങൾ തുടങ്ങിയവ നിയന്ത്രിക്കേണ്ട ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. ഇത്തരത്തിൽ ഉല്പാദിപ്പിക്കുന്ന മാലിന്യങ്ങൾ ശേഖരിച്ച് പരിവഹണം നടത്തി സംസ്കരണം നടത്തേണ്ട ചുമതലയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. ഇതിനായി പൊതുമാലിന്യ സംസ്കരണ സംവിധാനം ഉണ്ടാക്കാനായി സാങ്കേതിക-സാമ്പത്തിക സഹായം ശുചിത്വ മിഷൻ വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. ഇതിനുള്ള പദ്ധതി തയ്യാറാക്കാനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുന്നോട്ടുവരുന്ന പക്ഷം വേണ്ട സഹായം ശുചിത്വ മിഷനിൽ നിന്നും ലഭ്യമാകും.

സെക്ഷൻ ഓഫീസർ